"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ ആർട്സ് & സയൻസ് എയ്ഡഡ് കോളേജുകളിലെ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ നിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1530/2024/HEDN തീയതി,തിരുവനന്തപുരം, 09-12-2024

---

പരാമർശം:- 1. ജി.ഒ (പി) നം.163/2020/ഫിൻ തീയതി 22.12.2020

2. സർക്കുലർ നമ്പർ 34/2022/ഫിൻ തീയതി 23.04.2022

3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 19.09.2024 തീയതിയിലെ DCETVM/4635/2024-ഡി1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജുകളിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പള ബിൽ മേലൊപ്പ് പതിക്കാതെ തന്നെ പ്രോസസ് ചെയ്യുന്നതിന് അതാത് പ്രിൻസിപ്പൽമാരെ അധികാരപ്പെടുത്തി ഉത്തരവായിരുന്നു. ഈ അധികാരം ചുരുങ്ങിയത് അക്കൗണ്ട് ടെസ്റ്റ് ലോവർ എങ്കിലും വിജയിച്ചിട്ടുള്ള ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്ക് (DDO) മാത്രമായി പരിമിതപ്പെടുത്തിയും കൂടാതെ ടെസ്റ്റ് യോഗ്യത നേടാത്ത ഡി.ഡി.ഒ-മാർ ഒരു വർഷത്തിനകം ടി യോഗ്യത നേടിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന് ഇപ്രകാരം അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടാത്ത 15 മാസം പൂർത്തിയായ ഡി.ഡി.ഒ-മാരിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർമാർ ഡി.ഡി.ഒ പദവി ഏറ്റെടുക്കണമെന്നും നിർദേശിച്ചിരുന്നു. കൂടാതെ പരാമർശം (2) സർക്കുലർ പ്രകാരം ഡി.ഡി.ഒ പദവി മൂന്ന് മാസം വീതമുള്ള മൂന്ന് തവണ ആയി നിജപ്പെടുത്തുകയും അതിനു ശേഷവും യോഗ്യത ഉള്ളവരുടെ അഭാവത്തിൽ കൗണ്ടർ സൈൻ അതോറിറ്റി (മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ) ഡി.ഡി.ഒ പദവി ഏറ്റെടുക്കണം എന്നും നിർദേശിച്ചിരുന്നു.

2. എയ്ഡഡ് കോളേജുകളിലെ ദൈനംദിന സാമ്പത്തിക ഇടപാടുകളായ പി.ഡി അക്കൗണ്ട്, ടി.എസ്.ബി അക്കൗണ്ട്, ഇ-ഗ്രാന്റ്, കോഷൻ ഡിപ്പോസിറ്റ്, റൂസ ഫണ്ട്, എൻ.എസ്.എസ് എന്നിവയുടെ ദിവസേനയുള്ള ഫണ്ട് വിനിയോഗം പരിശോധിക്കുന്നതിൽ ഡിഡി ഓഫീസുകൾക്ക് പരിമിതികൾ ഉണ്ടെന്നും ഈ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ദിവസേന രജിസ്റ്ററുകളും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുവാൻ സാധിക്കുകയില്ലായെന്ന് ഡെപ്യൂട്ടി ഡയറക്ടർമാർ അറിയിച്ചിട്ടുണ്ടെന്നും ഇപ്രകാരം ഏറ്റെടുക്കേണ്ടി വരുന്ന കോളേജുകളുടെ എണ്ണം കൂടിയതിനാൽ ഡെപ്യൂട്ടി ഡയറക്ടറുടെ ദൈനംദിന ജോലികൾക്ക് തടസ്സമുണ്ടാവുകയും കോളേജുകൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി നല്കാൻ സാധിക്കാതെയും വരുമെന്നും മേഖല ഡെപ്യൂട്ടി ഡയറക്ടർമാർ അറിയിച്ചിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. അക്കൗണ്ട് ടെസ്റ്റ് ലോവർ പാസ്സാകാത്ത പ്രിൻസിപ്പൽ/ അദ്ധ്യാപകർക്ക് നിലവിൽ സ്പാർക്കിൽ ഡി.ഡി.ഒ പദവി അനുവദിക്കുന്നില്ല. ഇത്തരത്തിൽ കോളേജുകളിൽ ഡി.ഡി.ഒ പദവി വഹിക്കാൻ യോഗ്യത ഉള്ള അദ്ധ്യാപകർ ഇല്ലാതെ വരുമ്പോഴാണ് മേഖല ഡി.ഡി.ഒ ചാർജ്ജ് വഹിക്കേണ്ടി വരുന്നത്. അതിനാൽ പ്രിൻസിപ്പൽ പ്രമോഷന് അർഹത നേടാൻ അക്കൗണ്ട് ടെസ്റ്റ് നിർബന്ധമാക്കി ഉത്തരവ് നല്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ നിയമനം സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരമുള്ള നിർദേശങ്ങൾ നല്കി ഉത്തരവാകുന്നു.

1. എയ്ഡഡ് കോളേജുകളിൽ അടിയന്തിരമായി സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കേണ്ടതാണ്.
2. ഇങ്ങനെ നിയമിക്കപ്പെടുന്ന പ്രിൻസിപ്പൽമാർ ഒരു വർഷത്തിനുള്ളിൽ അക്കൌണ്ട് ടെസ്റ്റ് പാസ്സാകേണ്ടതാണ് എന്ന വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.
3. ഒരു വർഷം വരെ സ്ഥിരം പ്രിൻസിപ്പലിനോ താൽക്കാലിക പ്രിൻസിപ്പലിനോ ഡി.ഡി.ഓ പദവി വഹിക്കാവുന്നതാണ്. ഈ കാലയളവിൽ അക്കൌണ്ട് ടെസ്റ്റ് പസ്സാകുന്നില്ലായെങ്കിൽ ടെസ്റ്റ് പാസായ സീനിയർ മോസ്റ്റ് അദ്ധ്യാപകനെ ഡി.ഡി.ഒ ആയി നിയമിക്കേണ്ടതാണ് .
4. ഡി.ഡി.ഒ പദവി ഏറ്റെടുക്കാൻ ടെസ്റ്റ് പസ്സായ അദ്ധ്യാപകൻ ഇല്ലാത്ത പക്ഷം അതാത് ഡെപ്യൂട്ടി ഡയറക്ടർമാർ ഡി.ഡി.ഒ പദവി ഏറ്റെടുക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിനി .ജെ .ഷുക്കൂർ

അഡിഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (04.11.2024-ലെ 2729141 / EDN-C4/117/2024-/ധന പ്രകാരം)

www.highereducation.kerala.gov.in

ഓഫീസ് കോപ്പി/ കരുതൽ കോപ്പി(ഡി1/143/2024 -ഉവിവ)

ഉത്തരവിൻ പ്രകാരം

Signed by

Rahmathunnisa Chenatukuzhiyan
സെക്ഷൻ ഓഫീസർ
Date: 10-12-2024 09:51:22